# വചനവിചിന്തനം – 2010 ജനുവരി 24, ഞായർ

## Jn. 1: 35 - 42

സ്നാപകൻ യേശുവിനെ ശിഷ്യന്മാർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിലാണ് സുവിശേഷം ആരംഭിക്കുന്നത്. – ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്''.

ഇതിന്റെ പ്രതികരണമാണ് ശിഷ്യന്മാരുടെ ചോദ്യം; ഗുരോ അങ്ങ് വസിക്കുന്ന ഇടം?

ഈശോ ക്ഷണിക്കുകയാണ് – വന്നു കാണുക.

ശിഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനം ഗുരുവിന്റെ നിയോഗങ്ങൾ ആയിരിക്കണമെന്ന് ക്രിസ്തുവിന് അറിയാം. ആകാശപ്പറവകൾക്ക് കൂടുകളും കുറുനരികൾക്ക് മാളങ്ങളുമുള്ള ഭൂമിയിൽ സ്വന്തമായി ഇടമില്ലാത്ത ഗുരു. അപ്പോൾ തീർച്ചയായും ഭൂമിയുടെ ഇത്തിരി ഇടങ്ങളിലേയ്ക്ക് ഒതുങ്ങാനല്ല ഈ ക്ഷണം ഭൂമിയുടെ ഇടങ്ങൾക്കുമീതെ ഉയരാനാണ് ഈ വിളി. ഈ വിളിയുടെ സൗമ്യഭാവമാണ് ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാട്.

കുഞ്ഞാടിനു ബലിയോളം പ്രായമുണ്ട്. ലേവ്യരുടെ പുസ്തകത്തിലെ ബലിയുടെ കർമ്മവിധികൾ കുഞ്ഞാടിന്റെ രക്തം കൊണ്ട് ബലിപീഠം ചുവക്കണം. അത് രക്തം കൊണ്ടുള്ള ക്ഷാളനമാണ്. ഉടമ്പടിപ്രകാരം അർപ്പിക്കുന്നവന്റെ അന്ത:കരണത്തെ കറകളിൽനിന്ന് കഴുകുന്നത് ഈ രക്തമാണ്.

പുതിയ നിയോഗം ക്രിസ്തു എന്ന ദൈവത്തിന്റെ സ്വന്തം കുഞ്ഞാടിന്റേതാണ്. സ്വന്തം രക്തം കൊണ്ട് മറ്റുള്ളവരുടെ പാപത്തിന്റെ കറ കഴുകുന്ന കുരിശും ബലിയുമൊക്കെ പുത്തൻ ഭാവങ്ങളാണ്. അതുകൊണ്ടാണ് ക്രിസ്തു എന്ന കുഞ്ഞാടിനു നിയോഗം പ്രസക്തമാകുന്നത്. അതുകൊണ്ട് അനുഗമിക്കുന്നവർക്കൊക്കെ പ്രസക്തമാകേണ്ടത് ഭൂമിയുടെ ഇടങ്ങളോടു ബന്ധിക്കപ്പെടാത്ത ഗുരു കർമ്മങ്ങളാണ്. അവൻ വസിച്ചതും വ്യാപരിച്ചതുമായ ഇടങ്ങളൊക്കെ ബോധ്യപ്പെടുന്നവനേ അർത്ഥപൂർണ്ണമായി അവനെ അനുഗമിക്കാനാകൂ.

നാറാണത്തുഭ്രാന്തനെപ്പറ്റി ഇങ്ങനെ ഒരു കുറിപ്പ് ബോബി അച്ചന്റെ കേളിയിൽ വായിച്ചു. അനുഗമിക്കണമെന്നും ശിഷ്യപ്പെടണമെന്നും താൽപ്പര്യപ്പെടുന്നവനോട് കൂടെപ്പോരാൻ സമ്മതം നല്കി നാറാണത്തുഭ്രാന്തൻ മുൻപേ നടന്നു. ഉച്ചവെയിലത്തു നടന്നു തളർന്നപ്പോൾ ഭ്രാന്തൻ ഒരു വീട്ടിലേയ്ക്ക് കയറി. അവർ കൈവെള്ളയിലേയ്ക്ക് സംഭാരം ഒഴിച്ചുകൊടുത്തു. കൂടെവന്ന ശിഷ്യനും – ആർത്തിയോടെ കുടിച്ചു. പിന്നങ്ങു ചെല്ലുമ്പോൾ എതിരെ വന്നവൻ പകർന്നത് മധുരക്കള്ളാണ്. അതും കുടിച്ചു രണ്ടുപേരും. തുടർന്നുള്ള യാത്രയിൽ വെയിൽ തളർത്തിയപ്പോൾ മുൻപേ നടന്ന ഗുരു ഓടി കയറിയത് ഒരു കൊല്ലന്റെ ആലയിൽ. തിളയ്ക്കുന്ന ലോഹക്കൂട്ടിലെ വെള്ളമാണ് അദ്ദേഹത്തിന്റെ കയ്യിലേയ്ക്ക് കൊല്ലൻ പകർന്നത്. സംഭാരം കുടിച്ചപോലെതന്നെ നാറാണത്തുഭ്രാന്തൻ അതും മോന്തി. കൂടെ വന്നവൻ ഒന്നേ നോക്കിയുള്ളു, ഓടി രക്ഷപെട്ടു.

ഗുരുവിന്റെ പൊള്ളലുകളിൽ പങ്കുചേരാനാകും വിധം ശിഷ്യൻ പാകപ്പെടേണ്ടതുണ്ട്. അതുകൊണ്ടാണ് തന്റെ നിയോഗങ്ങൾ ഉൾക്കൊള്ളുന്നവനേ തന്നെ അനുഗമിക്കാനാവൂ എന്നറിഞ്ഞ് താൻ വസിക്കുന്ന ഇടങ്ങളിലേയ്ക്ക് ശിഷ്യരെ ക്ഷണിക്കുന്നത്.

ദൈവത്തിന്റെ കുഞ്ഞാട് എന്ന ബലിവസ്തുവിലേയ്ക്ക് ഹൃദയം ചേർത്തുവയ്ക്കാനാണ് ഈ ക്ഷണം. അതു കുടുംബത്തിലായാലും സന്യാസത്തിലായാലും ഗുരുവിന്റെ പൊള്ളുന്ന അനുഭവങ്ങൾ വച്ചു നീട്ടപ്പെടും. അതിൽ പങ്കുപറ്റുന്ന നിയോഗം ഏറ്റെടുക്കുന്നവന് ഉന്നതത്തിന്റെ ദർശനം ഉള്ളിലുണ്ടാവണം. Act 7:54 ൽ ചെങ്കൽച്ചീളുകൊണ്ട് പച്ചമാംസം ചിന്നിച്ചിതറുമ്പോൾ, ചുടുചോര തെറിക്കുമ്പോൾ സ്തേഫാനോസ് പറയുംപോലെ ''ഞാൻ ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവത്തിന്റെ വലതുഭാഗത്ത് ക്രിസ്തു ഉപവിഷ്ടനായിരിക്കുന്നതും കാണുന്നു'' എന്ന്. അവന്റെ മരണം ഒരു നിദ്ര പോലെ സുന്ദരമായിരുന്നു.

ക്രിസ്തു വസിക്കുന്ന ഇടം കണ്ടെത്തുന്നവന് അവന്റെ നിയോഗങ്ങളിൽ പങ്കുപറ്റാനാകും. അവന്റെ ബോദ്ധ്യമതാണ് ഗുരുവിന്റെ നിയോഗങ്ങളുടെ പങ്കുകാരനാകുവാൻ നീ തയ്യാറാണോ?....

**ഫാ. അലക്സ് വേലച്ചേരിൽ.**